**അറിയിപ്പ്**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അന്തരിച്ച മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന് കേരളത്തിന്റെ ആദരം നൽകുന്നതിന് അദ്ദേഹത്തിന്റെ ഭൗതിക ശരീരം തിരുവനന്തപുരം വഴി രാമേശ്വരത്തേയ്ക്ക് കൊണ്ടുപോകണമെന്ന നിർദ്ദേശം വച്ചിരുന്നു. അത് പരിഗണിക്കാമെന്ന് പറഞ്ഞിരുന്നെങ്കിലും ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് അനുവദിച്ചിട്ടില്ല. എങ്കിലും കേരളത്തിന്റെ ആദരവ് പ്രകടിപ്പിക്കുന്നതിന് ബഹുമാന്യരായ ഗവർണ്ണറും പ്രതിപക്ഷ നേതാവും മന്ത്രിമാരായ ശ്രീ. പി. ജെ. ജോസഫ്, ഡോ.എം. കെ. മുനീർ എന്നിവരും ഞാനും രാമേശ്വരത്തേയ്ക്ക് പോകുന്നുണ്ട്.

മി. സ്പീക്കർ: രാമേശ്വരത്ത് പോകുന്നതിന് ചെയറും താൽപ്പര്യം പ്രകടിപ്പിച്ചിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: ചെയർ താൽപ്പര്യം കാണിച്ചിരുന്നു, ഇക്കൂട്ടത്തിൽ പോകുന്നതിന് ചെയറിനും സൗകര്യം ചെയ്തിട്ടുണ്ട്. പക്ഷേ, നിയമസഭാ സമ്മേളനം അവസാനിക്കുന്ന ദിവസം തിരിച്ചുവരുന്ന സമയത്തെക്കുറിച്ചുള്ള ആശങ്ക പറഞ്ഞുകൊണ്ട് അങ്ങ് സ്വയം പിന്മാറുകയായിരുന്നു. ഇപ്പോഴും ആ ഇൻവിറ്റേഷൻ നിൽപ്പുണ്ട്. ഞങ്ങൾ അവിടെ പോയി കേരളത്തിന്റെ ആദരവ്

പ്രകടിപ്പിക്കുന്നതായിരിക്കും.

ഇന്ന് ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ സഭയിൽ ചർച്ചയ്ക്ക് വരികയാണ്. ഇന്ത്യയുടെ സാങ്കേതിക വിജ്ഞാനത്തിന്റെ വളർച്ചയ്ക്ക് ഏറ്റവും കൂടുതൽ സംഭാവന ചെയ്ത വ്യക്തിയാണ് ഡോ. എ.പി.ജെ. അബ്ദുൾ കലാം. അദ്ദേഹം കേരളത്തിന്റെ കാര്യത്തിലും പ്രത്യേക ശ്രദ്ധ ചെലുത്തുകയും 20 വർഷം നമ്മോടൊപ്പം ജീവിക്കുകയും ചെയ്തു. ഇന്ന് ഈ ബിൽ സഭയിൽ ചർച്ചയ്ക്ക് വരുന്നുവെന്നുള്ളതും പ്രത്യേകതയാണ്. അതുകൊണ്ട് ഈ യൂണിവേഴ്സിറ്റിയുടെ പേര് ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ നാമധേയത്തി ലാക്കണമെന്ന നിർദ്ദേശമുണ്ട്. പ്രസ്തുത യൂണിവേഴ്സിറ്റിയുടെ പേര് എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നായിരിക്കുമെന്ന വിവരം സഭയെ അറിയിക്കുകയാണ്. ഇതുസംബന്ധിച്ച ഔദ്യോഗികമായ ഭേദഗതി ചർച്ചാവേളയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് അന്തരിച്ച മുൻ രാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ പേരിടാൻ തീരുമാനിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ചെയർ പ്രത്യേകം അഭിനന്ദിക്കുന്നു.

ശ്രദ്ധക്ഷണിക്കൽ, ശ്രീ. എം. പി. അബ്ദു സമദ് സമദാനി,........(ബഹളം).......

<u>ശ്രീ. സി. ദിവാകരൻ</u>: സർ, സീറോ അവർ അംഗങ്ങൾക്കുള്ളതാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. സി. ദിവാകരൻ, അങ്ങ് എഴുതി തന്നത് രാത്രി 8.00 മണിക്കാണ്. അത് ബന്ധപ്പെട്ട മന്ത്രിക്ക് കൊടുത്തശേഷം മറുപടി കിട്ടിയാൽ മാത്രമേ സഭയിൽ എടുക്കാൻ കഴിയുകയുള്ളുവെന്ന് ഇന്നലെത്തന്നെ പറഞ്ഞതാണ്. ......(ബഹളം)......

<u>ശ്രീമതി ജമീലാ പ്രകാശം</u>: സർ, ഇപ്രകാരം യൂണിവേഴ്സിറ്റിക്ക് നാമകരണം നടത്താൻ പോകുന്നുവെന്ന് ഈ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ചുമതലയുള്ള ഒരുദ്യോഗസ്ഥൻ പറഞ്ഞതായി ഇന്നലെ ഒരു പത്രത്തിൽ വന്ന വാർത്ത ഞാൻ വായിച്ചതാണ്. .....(മൈക്ക് ഓഫ്).....

<u>മി. സ്പീക്കർ</u>: എന്തെങ്കിലും സഭയിൽ ഉന്നയിക്കാൻ ഉണ്ടെങ്കിൽ അത് ചെയറിന് എഴുതിത്തരണം. ശ്രീമതി ജമീലാ പ്രകാശം ഒന്നും എഴുതി നൽകിയിട്ടില്ല. മാത്രമല്ല, ശ്രദ്ധക്ഷണിക്കലിന് ശ്രീ. എം. പി. അബ്ദു സമദ് സമദാനിയെ ക്ഷണിക്കുകയും ചെയ്തു. ......(ബഹളം)......

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഞാൻ ക്രമപ്രശ്നം എഴുതി നൽകിയതാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ശിവൻകുട്ടി, ക്രമപ്രശ്നം എടുത്തിട്ടില്ല. ......(ബഹളം)...... അതിനുള്ള മറുപടി, ഇന്നത്തെ സബ്മിഷന്റെ ലിസ്റ്റ് നോക്കിയാൽ അറിയാം.

ക്രമപ്രശ്നത്തിൽ പരാമർശിച്ചിരിക്കുന്ന അതേ വിഷയം ഇന്നത്തെ സബ്മിഷനായി അനുവദിക്കുകയും മറുപടി അച്ചടിച്ച് വരികയും ചെയ്തിട്ടുണ്ട്. ഇന്ന് സബ്മിഷനായി സഭയിൽ വരികയും  മറുപടി കൊടുക്കുകയും ചെയ്യുന്ന വിഷയം ക്രമപ്രശ്നമായി ഉന്നയിക്കാൻ പറ്റില്ല.

മി. സ്പീക്കർ: ഇന്നലെ കൂടിയ കാര്യോപദേശക സമിതിയുടെ തീരുമാനം സബ്മിഷനുകൾ സഭയിൽ അവതരിപ്പിക്കേണ്ടെന്നും സബ്മിഷനുകളുടെ മറുപടി ബഹുമാന്യരായ മന്ത്രിമാർ അംഗങ്ങൾക്ക് രേഖാമൂലം നൽകേണ്ടതാണെന്നുമാണ്. നിയമനിർമ്മാണകാര്യത്തിൽ ഇന്ന് രണ്ട് ബില്ലുകൾ വരുന്നുണ്ട്. കാര്യപരിപാടിയിൽ ആദ്യം ഉൾപ്പെടുത്തിയിരിക്കുന്നത് '2015- ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബില്ലും ' രണ്ടാമത് ഉൾപ്പെടുത്തിയിരിക്കുന്നത് '2015- ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലുമാണ്'.  അതിൽ '2015- ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ ' ആദ്യമെടുക്കണമെന്ന ഒരു നിർദ്ദേശം വന്നിട്ടുണ്ട്. അതിനാൽ ആ ബിൽ ആദ്യമെടുക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. 27-ാം തീയതിയിൽ അദ്ദേഹം ഉന്നയിച്ച

ക്രമപ്രശ്നത്തിൽ ജഡ്ജിയുടെ പേര് തെറ്റായി വന്നുവെന്ന് ഇവിടെ പറയുകയുണ്ടായി. അദ്ദേഹം ജഡ്ജിയുടെ പേര് ശരിയായി നേരത്തെത്തന്നെ തിരുത്തി എഴുതിതന്നിട്ടുണ്ടായിരുന്നുവെന്നുകൂടി സഭയെ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആദ്യം കിട്ടിയതനുസരിച്ചാണ് കൊടുത്തത്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അങ്ങനെ പറയേണ്ടിവന്നത്. എന്നാൽ മുഖ്യമന്ത്രി മറുപടി പറയുന്നതിനുമുൻപുതന്നെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ജഡ്ജിയുടെ പേര് ശരിയായ രീതിയിൽ എഴുതിതന്നിട്ടുണ്ടായിരുന്നു. അതാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്.